**14-ാം കേരള നിയമ സഭ**

**7-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1921** **14.08.2017-ൽ മറുപടിയ്ക്ക്**

## മെഡിക്കൽ പ്രവേശന രംഗത്തെ അനിശ്ചിതാവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) കഴിഞ്ഞ വർഷം വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിച്ച 5 സ്വകാര്യ മെഡിക്കൽ കോളേജ് ഉൾപ്പെടെ 6 മെഡിക്കൽ കോളേജുകൾക്ക് 2017-18 അദ്ധ്യയന വർഷം മെഡിക്കൽ കൗൺസിൽ പ്രവേശനാനുമതി നിഷേധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) 2017-18 അധ്യയന വർഷം 6 സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ പ്രവേശനാനുമതി നിഷേധിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇക്കാരണത്താൽ 'നീറ്റ്'ൽ ഉയർന്ന റാങ്ക് നേടിയ എത്ര വിദ്യാർത്ഥികളുടെ എം.ബി.ബി.എസ് പ്രവേശനം ആണ് അനിശ്ചിതാവസ്ഥയിലാകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ഈ അധ്യയന വർഷത്തിൽ കഴിഞ്ഞ വർഷത്തേതിൽ നിന്നും 750 എം.ബി.ബി.എസ് സീറ്റുകൾ സ്വാശ്രയ രംഗത്ത് കുറവുണ്ടാകാൻ ഇടയുണ്ട്. |
| (സി) മെഡിക്കൽ പ്രവേശന രംഗത്ത് ഈ വർഷം സർക്കാരും സ്വാശ്രയ മാനേജ്മെന്റുകളും ഉണ്ടാക്കിയിട്ടുള്ള ആശങ്ക സമർത്ഥരായ വിദ്യാർത്ഥികൾ സംസ്ഥാനത്തെ പഠനം ഉപേക്ഷിച്ച് അന്യസംസ്ഥാനങ്ങളിൽ അഡ്മിഷൻതേടേണ്ട സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ: | (സി) മെഡിക്കൽ പ്രവേശനം സംബന്ധിച്ച് വിദ്യാർത്ഥികൾക്കിടയിൽ ഏതെങ്കിലും തരത്തിലുള്ള ആശങ്ക സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ ഭൗതികസൗകര്യങ്ങൾ ഒരുക്കാത്തതുമൂലം സമർത്ഥരായ വിദ്യാർത്ഥികൾക്കു കുറഞ്ഞ ഫീസിൽ പഠിക്കുന്നതിനുള്ള അവസരം ഇല്ലാതായതായി കരുതുന്നുണ്ടോ? | (ഡി) | ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിന് കേന്ദ്ര റെഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരം നഷ്ടപ്പെട്ടതിനാൽ അവിടെ ഈ വർഷം പ്രവേശനം സാദ്ധ്യമല്ല. |

**സെക്ഷൻ ഓഫീസർ**